(6) മുദാക്കൽ പഞ്ചായത്തിലെ ഡി. ദേവലാൽ മരണപ്പെട്ട സംഭവം

ശ്രീ. എൻ. രാജൻ : സർ, 26-2-1996-ലെ എല്ലാ ദിനപ്പത്രങ്ങളിലും വന്ന ഒരു വലിയ വാർത്തയെക്കുറിച്ചാണ് ഞാൻ പറയുന്നത്. 'പോലീസ് കല്ലെറിഞ്ഞു വീഴ്ത്തിയ യുവാവ് മരിച്ചു' എന്നാണ് വാർത്ത. ആറ്റിങ്ങൽ പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള മുദാക്കൽ പഞ്ചായത്തിലെ തോംമുക്ക് എന്ന സ്ഥലത്തെ ഒരു റിക്രിയേഷൻ ക്ലബ്ബിൽ ചീട്ട് കളിച്ചുകൊണ്ടിരുന്നവരെ പോലീസ് പിടികൂടാൻ വന്നതാണ്. പോലീസിനെ കണ്ട് ദേവലാൽ എന്നു പറയുന്ന ആൾ ഇറങ്ങി ഓടി. പോലീസ് അദ്ദേഹത്തെ പിൻതുടർന്ന്, കല്ലെടുത്തെറിഞ്ഞു നിലത്തു വീഴ്ത്തുകയാണുണ്ടായത്. യുവാവിനെ ആശുപത്രിയിൽ എത്തിക്കാൻ ആദ്യം പോലീസ് തയ്യാറായില്ല. ആശുപത്രിയിൽ എത്തിയതിനുശേഷം യുവാവ് മരണപ്പെടുകയുണ്ടായി. ഇപ്പോഴും നാട്ടുകാരുടെ ബലമായ സംശയം പോലീസ് കല്ലെറിഞ്ഞു കൊന്നു എന്നാണ്. പോലീസ് പറയുന്നത് യുവാവ് ഹൃദയസ്തംഭനം മൂലം മരണപ്പെട്ടുവെന്നാണ്. ഈ സംഭവം വലിയൊരു വിഷയമായിരിക്കുകയാണ്. ഈ സംശയം തീർക്കുന്നതിന് നല്ലൊരു അന്വേഷണം നടത്തി ഇതിന്റെ സത്യസ്ഥിതി മനസ്സിലാക്കാൻ ആവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ.എ. കെ. ആന്റണി) : സർ, ആറ്റിങ്ങൽ അവനവഞ്ചേരി തോംമുക്ക് എന്ന സ്ഥലത്ത് പണം വച്ച് ചീട്ടുകളിക്കുന്നതായി 25-2-1996-ൽ രാവിലെ 11 മണിയോടെ ആറ്റിങ്ങൽ പോലീസ് സ്റ്റേഷനിൽ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആറ്റിങ്ങൽ പോലീസ് സബ് ഇൻസ്പെക്ടർ പോലീസ് പാർട്ടിയുമായി 12 മണിയോടുകൂടി സ്ഥലത്തെത്തി. പോലീസിനെ കണ്ട ഉടനെ അവിടെ കളിച്ചുകൊണ്ടിരുന്ന നാലുപേരിൽ മൂന്നുപേർ ഓടിപ്പോയി. പോലീസ് കൂടെ ഓടിപ്പോയി സുന്ദരരാജൻ എന്നയാളെ പിടികൂടി. സുന്ദരരാജനെ പിടികൂടി കൊണ്ടുവരുമ്പോൾ അയാൾ വിളിച്ചതനുസരിച്ചാണ് ഓടി അളർന്ന നിലയിൽ അടുത്തുള്ള ബീനയുടെ വീടിന്റെ തിണ്ണയിലിരിക്കുകയായിരുന്ന ദേവലാലും എഴുന്നേറ്റ് പോലീസുകാരോടും സുന്ദരരാജനോടും ഒപ്പം നടന്നത്. അൽപ്പ സമയം കഴിഞ്ഞപ്പോൾ ദേവലാൽ ക്ഷീണിതനായി കാണപ്പെടുകയും നടക്കാൻ കഴിയാതെ തളർന്ന് താഴെ വീഴുകയും ചെയ്തു. ഉടനെ പോലീസ് വന്ന വാഹനത്തിൽ ദേവലാലിനെ ചിറയിൻകീഴ് ആശുപത്രിയിൽ കൊണ്ടുപോയി. അവിടെ ഡോക്ടർമാർ പരിശോധിച്ച സമയത്ത് ദേവലാൽ മരണപ്പെട്ടതായി അറിയിച്ചു. ഇതു സംബന്ധിച്ച് ചിറയിൻകീഴ് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്ന് തിരുവനന്തപുരം മെഡിക്കൽകോളേജ് ആശുപത്രിയിൽ വച്ച് ദേവലാലിന്റെ മൃതദേഹം സംബന്ധിച്ച് സബ് ഡിവിഷണൽ മജിസ്ട്രേട്ട് കൂടി ആയ തിരുവനന്തപുരം ജില്ലാ അസിസ്റ്റന്റ് കളക്ടർ പ്രേതവിചാരണ റിപ്പോർട്ട് തയ്യാറാക്കി. ഒരു വിദഗ്ധ സംഘം ഡോക്ടർമാർ മൃതദേഹം പോസ്റ്റുമോർട്ടം പരിശോധന നടത്തി. പോസ്റ്റ്മോർട്ടം പരിശോധനാ റിപ്പോർട്ടിൽ ഹൃദ്രോഗം മൂലമാണ് ദേവലാൽ മരണപ്പെട്ടതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ദേവലാലിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മരണത്തിൽ പോലീസിന് യാതൊരു പങ്കുമില്ല. പോലീസ് ഓടിച്ചപ്പോൾ വീണു മരിച്ചതുമല്ല. ദേവലാലിനെ പോലീസ് കസ്റ്റഡിയിലെടുക്കുകയോ, മർദ്ദിക്കുകയോ ചെയ്തിട്ടില്ല. പോലീസിന്റെ ഭാഗത്തു നിന്നും ദേവലാലിന്റെ മരണത്തെ സംബന്ധിച്ചിടത്തോളം യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല.

(7) തേയിലത്തോട്ടങ്ങളിലെ ലോക്കൗട്ട്

ശ്രീ. പി. എസ്. ശ്രീനിവാസൻ : സർ, കേരളത്തിലെ ഹൈറേഞ്ചുകളിൽ കനകം വിളയിക്കുന്നവരാണ് തേയിലത്തോട്ടം തൊഴിലാളികൾ എന്നു ഞാൻ പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല. ഇപ്പോൾ രണ്ടു മാസത്തോളമായി പല തേയിലത്തോട്ടങ്ങളുടേയും ഉടമകൾ അന്യായമായ ലോക്കൗട്ട് പ്രഖ്യാപിച്ചിരിക്കുകയാണ്. വയനാട് ജില്ലയിൽ റിബൺ, എങ്ങ്സ്റ്റൺ എന്നീ തോട്ടങ്ങളും, പീരുമേടിൽ വാഗമൺ, ആഷ്ട്രി, ലിസ്ട്രിഗോവിൽ എന്നീ തോട്ടങ്ങളും കഴിഞ്ഞ 7 വാരക്കാലമായി ലോക്കൗട്ടിലാണ്. പതിനായിരത്തോളം തൊഴിലാളികളെ ഇതു ബാധിച്ചിട്ടുണ്ട്. ബോണസിനു വേണ്ടി തൊഴിലാളികൾ പ്രക്ഷോഭം ആരംഭിച്ചതിനുശേഷമാണ് തോട്ടം ഉടമകൾ നിയമവിരുദ്ധമായി ലോക്കൗട്ട് പ്രഖ്യാപിച്ചത്. ഐ. എൻ. ടി. യു. സി, എ. ഐ. ടി. യു. സി., സി. ഐ. ടി. യു., യു. ടി. യു. സി., എച്ച്. എം. എസ്. തുടങ്ങിയ എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളുടേയും നേതൃത്വത്തിലുള്ള തൊഴിലാളികൾ ഈ സമര പരിപാടിയിൽ പങ്കെടുത്തിട്ടുണ്ട്. പീരുമേട് ആർ. ബി. ടി. കമ്പനിയിലെ ബോണസ് പ്രശ്നം ഗവൺമെന്റ് അഡ്ജുഡിക്കേഷനുവിട്ടു. അതിൽ പ്രതിഷേധിച്ച് ഈ കമ്പനിയുടെ 9 തോട്ടങ്ങളിലെ പതിനായിരത്തോളം വരുന്ന തൊഴിലാളികൾ തോട്ടം തുറന്നിട്ടും ഇതുവരെ ജോലിക്ക് ഹാജരായിട്ടില്ല. ഒത്തുതീർപ്പിലൂടെ പരിഹരിക്കേണ്ട ഒരു പ്രശ്നമായിരുന്നു അത്. അന്ന് ഇത് പരിഹരിക്കാൻ ഗവൺമെന്റ് കുറേക്കൂടി ശ്രമിച്ചിരുന്നുവെങ്കിൽ കഴിയുമായിരുന്നു. അങ്ങനെ ചെയ്യാതെ, അഡ്ജുഡിക്കേഷന് വിട്ടു എന്നുള്ളതാണ് ആ തൊഴിലാളികൾക്കുള്ള പ്രതിഷേധം. എല്ലാ കേന്ദ്ര സംഘടനകളും സംയുക്തമായി സമരം തുടരുകയാണ്. അതേ തുടർന്ന് ഉടമയും തൊഴിലാളി യൂണിയനുകളും തമ്മിൽ നേരിട്ട് കൂടിയാലോചിച്ച് തൊഴിലാളികളുടെ ആവശ്യങ്ങൾ ഒരു പരിധി വരെ അംഗീകരിച്ചിട്ടുണ്ട്. തോട്ടം മേഖലയിൽ തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നില്ല, പ്ലാറേൻഷൻ ലേബർ ആക്ട് നടപ്പിലാക്കുന്നില്ല. ഇതു നടപ്പിലാക്കിക്കാൻ വാൻ ഗവൺമെന്റ് നടപടിയെടുക്കുന്നില്ല. പാർപ്പിട സൗകര്യം, കുടിവെള്ളം, സൗജന്യവൈദ്യസഹായം തുടങ്ങിയവയെല്ലാം ഇവർക്കു നിഷേധിക്കുന്നു. ഇത്തരം ഒരു സ്ഥിതിഗതിയെ നേരിടുന്നതിന് ഗവൺമെന്റ് അടിയന്തിരമായി ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് ഇടുക്കിയിലേയും വയനാട്ടിലേയും 15 തോട്ടങ്ങളിലെ ലോക്കൗട്ടിനെക്കുറിച്ചാണ്. ആ തോട്ടങ്ങളിൽ 18,500-ഓളം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly